**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1312** **30-06-2026-ൽ മറുപടിയ്ക്ക്**

**<u>ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. സി. കെ. ഹരീന്ദ്രൻ

ശ്രീ. ഒ. ജെ. ജനീഷ്
(കായികം, യുവജനകാര്യം, രജിസ്ട്രേഷൻ,
മ്യൂസിയം, പുരാവസ്തു & പുരാരേഖ വകുപ്പ് മന്ത്രി)

**(എ)** ഗ്രാമീണ കളിസ്ഥലങ്ങൾ വികസിപ്പിക്കുന്നതിനായി കായികവകുപ്പ് നടപ്പിലാക്കിയ ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളുടെയും പ്രവൃത്തികളുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ;

**<u>മറുപടി:</u>** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും പദ്ധതി പുരോഗതിയും ചുവടെ ചേർക്കുന്നു.

<u>**1.**കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി - എം.എൽ.എ ഫണ്ട് & പ്ലാൻ ഫണ്ട്</u>

കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭ്യമായതിനെ തുടർന്ന് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. പ്രദീപ്. എസ് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് 30.01.2024ന് പ്രവൃത്തി പൂർത്തിയാക്കിയിട്ടുമുണ്ട്.

<u>**2.**കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയം നിർമ്മാണം</u>

കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 26.09.2025 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 08.10.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s.Primetech Engineering, Ernakulam എന്ന കരാറുകാരനുമായി 24.02.2026 ന് 73,02,976/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 04.03.2026 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ ടി സ്ഥലത്ത് പഞ്ചായത്ത് മുഖേന സ്റ്റെപ്പ് ഗ്യാലറിയുടെ നിർമ്മാണം നടന്നുവരുകയായിരുന്നു. 17.06.2026 നാണ് ടി പ്രവൃത്തി പൂർത്തീകരിച്ചത്. തുടർന്ന് സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രാരംഭ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 2026-ൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

<u>**3.**പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്കൂൾ സ്റ്റേഡിയം വികസനം</u>

പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്കൂൾ സ്റ്റേഡിയം വികസന പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 26.09.2025 ൽ നൽകിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ 09.10.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s.Primetech Engineering, Ernakulam എന്ന കരാറുകാരനുമായി 24.02.2026 ന് 73,80,195/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 10.03.2026 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി ആരംഭിക്കുന്നതിനായി ഗ്രൗണ്ടിനുള്ളിലെ മരങ്ങൾ മുറിച്ചുമാറ്റേണ്ടതായുണ്ട്. ആയതിനുള്ള അനുമതിയ്ക്കായി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല. മരങ്ങൾ മുറിച്ചുമാറ്റിയാൽ മാത്രമേ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**4.** <u>കലാഗ്രാമം സ്റ്റേഡിയം വികസനം</u>

കലാഗ്രാമം സ്റ്റേഡിയം വികസന പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 26.09.2025 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 17.10.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s.Primetech Engineering, Ernakulam എന്ന കരാറുകാരനുമായി 26.02.2026 ന് 83,92,325/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇൻഡോർ കോർട്ട് നിർമ്മിക്കുന്നതിനായാണ് ആദ്യം നിർദ്ദേശിച്ചിരുന്നതെങ്കിലും കരാറിൽ ഏർപ്പെട്ടതിനുശേഷം എം.എൽ.എ. മൾട്ടിപർപ്പസ് മഡ് കോർട്ട് നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മൾട്ടിപർപ്പസ് മഡ് കോർട്ട് നിർമ്മിക്കണമെങ്കിൽ നിലവിൽ സ്ഥിതി ചെയ്യുന്ന ബിൽഡിംഗ് പൊളിച്ചുമാറ്റേണ്ടതായുണ്ട്. മേൽ ബിൽഡിംഗ് പൊളിച്ചുമാറ്റി നൽകുന്നതിനുവേണ്ടി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ നടപടിയായിട്ടില്ല.

**5.** <u>വെള്ളറട ഗ്രാമപഞ്ചായത്തിലെ കിളിയൂർ സാഗര ഗ്രന്ഥശാല - കലാ കായിക വേദി ഗ്രൗണ്ട്</u>

വെള്ളറട ഗ്രാമപഞ്ചായത്തിലെ കിളിയൂർ സാഗര ഗ്രന്ഥശാല - കലാ കായിക വേദി ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 38 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 38 ലക്ഷവും കൂടി ചേർത്ത് 76 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി 14.03.2026 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 21.05.2026 തീയതിയിൽ 71.36 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടെൻഡറിങ് നടപടികൾ പുരോഗമിച്ചു വരുന്നു.

**(ബി)** പ്രസ്തുത പദ്ധതികളുടെ പുരോഗതി അറിയിക്കാമോ;ഇനിയും പൂർത്തിയാകാനുള്ള പ്രവൃത്തികൾ സമയബന്ധിതമായി തീർക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുടെ ഭാഗമായി പാറശ്ശാല മണ്ഡലത്തിൽ നടപ്പാക്കിയ പ്രവൃത്തികളുടെ വിശദാംശങ്ങളും പദ്ധതി പുരോഗതിയും ചുവടെ ചേർക്കുന്നു.

**<u>1.</u>**<u>കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തി - എം.എൽ.എ ഫണ്ട് & പ്ലാൻ ഫണ്ട്</u>

കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയുടെയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷം രൂപയുടെയും ഭരണാനുമതി ലഭ്യമായതിനെ തുടർന്ന് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. ശ്രീ. പ്രദീപ്. എസ് എന്ന കരാറുകാരൻ പ്രവൃത്തി ഏറ്റെടുത്ത് 30.01.2024ന് പ്രവൃത്തി പൂർത്തിയാക്കിയിട്ടുമുണ്ട്.

**2.**<u>കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയം നിർമ്മാണം</u>

കൊല്ലയിൽ ഗ്രാമപഞ്ചായത്തിലെ മഞ്ചവിളാകം സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 26.09.2025 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 08.10.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s.Primetech Engineering, Ernakulam എന്ന കരാറുകാരനുമായി 24.02.2026 ന് 73,02,976/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 04.03.2026 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. എന്നാൽ നിലവിൽ ടി സ്ഥലത്ത് പഞ്ചായത്ത് മുഖേന സ്റ്റെപ് ഗ്യാലറിയുടെ നിർമ്മാണം നടന്നുവരുകയായിരുന്നു. 17.06.2026 നാണ് ടി പ്രവൃത്തി പൂർത്തീകരിച്ചത്. തുടർന്ന് സ്റ്റേഡിയം നിർമ്മാണത്തിന്റെ പ്രാരംഭ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. 2026-ൽ പ്രവൃത്തി പൂർത്തീകരിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**3.**<u>പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്കൂൾ സ്റ്റേഡിയം വികസനം</u>

പെരുങ്കടവിള ഗ്രാമപഞ്ചായത്തിലെ അയിരൂർ എൽ.പി.എസ് സ്കൂൾ സ്റ്റേഡിയം വികസന പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 26.09.2025 ൽ നൽകിയിട്ടുണ്ട്. സ്പോർട്സ് കേരള ഫൗണ്ടേഷൻ 09.10.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s.Primetech Engineering, Ernakulam എന്ന കരാറുകാരനുമായി 24.02.2026 ന് 73,80,195/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. 10.03.2026 ന് സൈറ്റ് കൈമാറി നൽകിയിട്ടുണ്ട്. മേൽ പ്രവൃത്തി ആരംഭിക്കുന്നതിനായി ഗ്രൗണ്ടിനുള്ളിലെ മരങ്ങൾ മുറിച്ചുമാറ്റേണ്ടതായുണ്ട്. ആയതിനുള്ള അനുമതിയ്ക്കായി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്തിൽ നിന്നും അനുമതി ഇതുവരെയും ലഭ്യമായിട്ടില്ല. മരങ്ങൾ മുറിച്ചുമാറ്റിയാൽ മാത്രമേ പ്രസ്തുത പ്രവൃത്തി ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**4.** <u>കലാഗ്രാമം സ്റ്റേഡിയം വികസനം</u>

കലാഗ്രാമം സ്റ്റേഡിയം വികസന പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപയും കായിക യുവജനകാര്യാലയത്തിന്റെ പ്ലാൻ ഫണ്ട് വിഹിതമായ 50 ലക്ഷവും കൂടി ചേർത്ത് 1 കോടി രൂപയുടെ സമഗ്ര ഭരണാനുമതി 26.09.2025 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 17.10.2025 തീയതിയിൽ 93,89,000/- രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ഇ-ടെൻഡർ ക്ഷണിക്കുകയും ചെയ്തു. M/s.Primetech Engineering, Ernakulam എന്ന കരാറുകാരനുമായി 26.02.2026 ന് 83,92,325/- രൂപയ്ക്ക് കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. ഇൻഡോർ കോർട്ട് നിർമ്മിക്കുന്നതിനായാണ് ആദ്യം നിർദ്ദേശിച്ചിരുന്നതെങ്കിലും കരാറിൽ ഏർപ്പെട്ടതിനുശേഷം എം.എൽ.എ. മൾട്ടിപർപ്പസ് മഡ് കോർട്ട് നിർമ്മിക്കണമെന്ന് നിർദ്ദേശിച്ചു. തുടർന്ന് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് പുതുക്കിയ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട്. മൾട്ടിപർപ്പസ് മഡ് കോർട്ട് നിർമ്മിക്കണമെങ്കിൽ നിലവിൽ സ്ഥിതി ചെയ്യുന്ന ബിൽഡിംഗ്

പൊളിച്ചുമാറ്റേണ്ടതായുണ്ട്. മേൽ ബിൽഡിംഗ് പൊളിച്ചുമാറ്റി നൽകുന്നതിനുവേണ്ടി പഞ്ചായത്ത് സെക്രട്ടറിയ്ക്ക് കത്ത് നൽകിയിട്ടുണ്ടെങ്കിലും ഇതുവരെ നടപടിയായിട്ടില്ല.

**5.** <u>വെള്ളറട ഗ്രാമപഞ്ചായത്തിലെ കിളിയൂർ സാഗര ഗ്രന്ഥശാല - കലാ കായിക വേദി ഗ്രൗണ്ട്</u>

വെള്ളറട ഗ്രാമപഞ്ചായത്തിലെ കിളിയൂർ സാഗര ഗ്രന്ഥശാല - കലാ കായിക വേദി ഗ്രൗണ്ട് നിർമ്മാണ പ്രവൃത്തിയ്ക്ക് എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്നും 38 ലക്ഷം രൂപയും കായിക യുവജനകാര്യ ഡയറക്ടറുടെ പ്ലാൻ ഫണ്ട് വിഹിതമായ 38 ലക്ഷവും കൂടി ചേർത്ത് 76 ലക്ഷം രൂപയുടെ സമഗ്ര ഭരണാനുമതി 14.03.2026 ൽ നൽകിയിരുന്നു. സ്പോർട്സ് കേരള ഫൗണ്ടേഷൻ 21.05.2026 തീയതിയിൽ 71.36 ലക്ഷം രൂപയ്ക്ക് സാങ്കേതികാനുമതി നൽകുകയും ചെയ്തു. ടെൻഡറിങ് നടപടികൾ പുരോഗമിച്ച് വരുന്നു.

**സെക്ഷൻ ഓഫീസർ**